(ബി) സംസ്ഥാനത്തുടനീളം 31 ദേവാലയങ്ങൾ സർക്കാർ സംരക്ഷിത സ്മാരകങ്ങളായുണ്ട്. ഇവയുടെ നിയന്ത്രണം വകുപ്പിനില്ല. സംരക്ഷണ പണികൾ മാത്രമേ നടത്തിവരുന്നുള്ളൂ. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(സി) കോയിക്കൽ കൊട്ടാരം – നെടുമങ്ങാട്

കൃഷ്ണപുരം പാലസ് – കായംകുളം

ആർക്കിയോളജിക്കൽ മ്യൂസിയം – തൃപ്പൂണിത്തുറ

പഴശ്ശിരാജാ മ്യൂസിയം – കോഴിക്കോട്

ഇവയിൽ ടിക്കറ്റ് മുഖേന പ്രവേശനം നിയന്ത്രിച്ചിരിക്കുന്നു.

(ഡി) സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന എല്ലാ വസ്തുക്കളും പുരാവസ്തുവകുപ്പ് ഏറ്റെടുക്കാറില്ല. സംരക്ഷിച്ചു നിലനിർത്തുക മാത്രമേ ചെയ്യാറുള്ളൂ. എങ്കിലും പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്ന വസ്തുക്കൾക്ക് റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന വില നല്കിവരുന്നു.

സർക്കാർ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിനുപുറത്തുള്ള ചരിത്രസ്മാരകങ്ങൾ

104 (2382) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിനു പുറത്തുള്ള ചരിത്രസ്മാരകങ്ങൾ ഏതൊക്കെയാണെന്നതിന്റെ വിശദാംശം നല്കുമോ ;

(ബി) ഇവയിൽ കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ക്ഷയോന്മുഖമാകുന്ന ചരിത്ര സ്മാരകങ്ങൾ ഏതെല്ലാമാണ് ;

(സി) കന്യാകുമാരി ജില്ലയിലെ എത്ര ഹെക്ടർ പ്രദേശങ്ങളിലായാണ് കേരളത്തിന്റെ ചരിത്ര സ്മാരകങ്ങൾ നിലകൊള്ളുന്നത് ;

(ഡി) ഇരണിയൽ കൊട്ടാരം നാശോന്മുഖമാകുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേരളീയ വാസ്തുശില്പ പൈതൃകത്തിന്റെ ഉത്തമ മാതൃകയായ പ്രസ്തുത കെട്ടിടം ഹെറിട്ടേജ് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള സ്മാരകമാണോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഈ ചരിത്ര സ്മാരകത്തിന്റെ സംരക്ഷണത്തിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന പ്രദേശവും ഏതെല്ലാം കെട്ടിടങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഇപ്പോൾ ഉള്ളതെന്നതിന്റെ വിശദാംശം നല്കുമോ ;

(എഫ്) ഒരു വർഷം ഈ ചരിത്ര സ്മാരകം സംരക്ഷിക്കുന്നതിന് ഇപ്പോൾ എന്തു തുക ചെലവിടുന്നുണ്ട് ; ഇവിടെനിന്നുള്ള ശരാശരി വാർഷികവരുമാനം എത്രയാണ് ;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ജി) യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റിൽ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുത്തുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദാംശം നല്കുമോ ;

(എച്ച്) പുരാവസ്തു പ്രാധാന്യമുള്ളതും ചരിത്ര സ്മാരകങ്ങളായി സംരക്ഷിക്കപ്പെടുന്നതുമായ തമിഴ്നാട്ടിലുൾപ്പെട്ട കേരളത്തിന്റെ പ്രദേശങ്ങളിൽ തമിഴ്നാട് സർക്കാർ വകുപ്പുകൾ ഏതൊക്കെ പ്രദേശങ്ങളാണ് കയ്യേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇവ തിരികെ ലഭിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത പ്രദേശങ്ങളിൽ സ്വകാര്യവ്യക്തികൾ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവരെ ഒഴിപ്പിച്ച് സംരക്ഷണമുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരം.

(ബി) യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(സി) 2.510 ഹെക്ടർ സ്ഥലത്ത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സംസ്ഥാനത്തിലായതിനാൽ ഇവിടത്തെ ഹെറിട്ടേജ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്റെ സംരക്ഷണ നടപടികൾ കേന്ദ്രപുരാവസ്തു വകുപ്പിൽനിന്നും സ്വീകരിക്കുന്നതായി അറിയുന്നു.

(ഇ) പത്മനാഭപുരം കൊട്ടാര സമുച്ചയങ്ങളും അനുബന്ധമായുള്ള പുരാവസ്തു വകുപ്പ് മ്യൂസിയവും.

(എഫ്) ഒരുവർഷം ശരാശരി 15 ലക്ഷം രൂപ ചെലവിടുന്നു. 35 ലക്ഷം രൂപയാണ് കഴിഞ്ഞ വർഷത്തെ വാർഷികവരുമാനം.

(ജി) കേന്ദ്രസർക്കാർ മുഖേന യുനെസ്കോയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(എച്ച്&ഐ) സ്വകാര്യ വ്യക്തികൾ നടത്തിയിട്ടുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ഹെറിറ്റേജ് സൈറ്റുകളായി സംരക്ഷിക്കുന്ന ചരിത്ര സ്മാരകങ്ങൾ

105 (2383) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹെറിറ്റേജ് സൈറ്റുകളായി നിർണ്ണയിച്ച് സംരക്ഷണം നല്കിവരുന്ന ചരിത്രസ്മാരകങ്ങൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly